MONDAY 25-10-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –25/10/2021

1. വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് ഇപ്പോൾ AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. ഇത് കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷി ഭവൻ മുഖേനയോ ചെയ്യേണ്ടതാണ്. വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിള ഇൻഷർ ചെയ്തിട്ടുള്ള കർഷകർ കൃഷി നാശം സംഭവിച്ച് 15 ദിവസത്തിനകത്തും ഇൻഷർ ചെയ്തിട്ടില്ലാത്ത കർഷകർ പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടായി 10 ദിവസത്തിനുള്ളിലും നഷ്ടപരിഹാരത്തിനായി AIMS പോർട്ടൽ മുഖേന അപേക്ഷിക്കേണ്ടതാണ്.

2. ദുരന്തനിവാരണ നിയമം അനുസരിച്ച് പശുക്കളെ നഷ്ടപ്പെട്ടവർക്ക് സഹായമായി പശു ഒന്നിന് 30,000 രൂപ സർക്കാർ നഷ്ട പരിഹാരം നൽകും. പശുക്കിടാവിന് 15000 രൂപയും കോഴികൾക്ക് 200 രൂപയും നഷ്ടപരിഹാരമായി നൽകും . കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

3. പ്രളയത്തിൽ പൂർണമായും ഭാഗികമായും തകർന്ന കാലിത്തൊഴുത്തുകൾ പുനർ നിർമ്മിക്കുവാൻ ക്ഷീരവികസന വകുപ്പും മൃഗസംരക്ഷണ വകുപ്പും ചേർന്ന് കണക്കെടുപ്പുകൾ നടത്തി നഷ്ടപരിഹാരം നൽകും. കന്നുകാലി ഷെൽട്ടറുകളിൽ പശുവിന് ഒരു ദിവസം 70 രൂപയുടെ കാലിത്തീറ്റ സൗജന്യമായി നല്കും. പുൽകൃഷി നഷ്ടപ്പെട്ടവർക്ക് പ്രത്യേക ധനസഹായം ഉണ്ടായിരിക്കുമെന്നും മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു.

4. തിരുവനന്തപുരം ചെറ്റച്ചൽ ജഴ്സി ഫാം എക്സ്റ്റെൻഷൻ യൂണിറ്റിലെ ഹാച്ചറിയിൽ നിന്നും ഈ മാസം 28 മുതൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ആവശ്യമുള്ളവർ ഫാം ഓഫിസിൽ ബുക്ക് ചെയ്യണമെന്ന് അസിസ്റ്റൻ ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലിംഗനിർണ്ണയം നടത്താത്ത കോഴിക്കുഞ്ഞുങ്ങളെ 18 രൂപ നിരക്കിൽ ഫാമിൽ നിന്നും വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് **9645491459, 9447584870, 8590274132** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി 2021-22 ലെ '**ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം**' പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പു വരുത്തുന്നതു ലക്ഷ്യമിട്ട് മാനേജീരിയൽ ധനസഹായം നൽകുന്നു. 2020-2021 വർഷം 250 ലിറ്ററിൽ താഴെ ശരാശരി പ്രതിദിന സംഭരണം ഉള്ള ക്ഷീരസംഘങ്ങൾക്ക് പ്രസ്തുത ധനസഹായ പദ്ധതിയ്ക്കായി അപേക്ഷിക്കാവുന്നതാണ്. ക്ഷീരസംഘം സെക്രട്ടറി, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് എന്നിവർക്ക് വേതനം നൽകുന്നതിനായി ഒരു ക്ഷീരസംഘത്തിന് പരമാവധി 35,000/- രൂപ വാർഷിക ധനസഹായം ലഭിക്കും. ക്ഷീരസംഘങ്ങൾ ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ നിശ്ചിത അപേക്ഷാ ഫോമുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

6. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ **കേരശ്രീ, കേരസങ്കര** എന്നീ സങ്കരയിനം തെങ്ങിൻ തൈകളും **ഡബ്ല്യൂ.സി.ടി** (നാടൻ) തെങ്ങിൻ തൈകളും വില്പനയ്ക്ക് തയാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0487-2370540** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. വെള്ളായണി ആർ.എ.റ്റി.റ്റി.സി യിൽ നവംബർ, ഡിസംബർ മാസങ്ങളിൽ കാർഷികയന്ത്രങ്ങളുടെ പ്രവൃത്തി പരിചയം, അറ്റകുറ്റപ്പണി, പരിപാലനം തുടങ്ങിയവയിൽ പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഈ മാസം 26 (26.10.21 ) നകം അതത് കൃഷി ഭവനുകളിൽ വിവരം അറിയിക്കേണ്ടതാണ്.

8. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (25/10/2021) രാവിലെ 10.30 മണിക്ക് **ഫാം ലൈസൻസിംഗ് നടപടിക്രമങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം

ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി meet.google.com/qdo-ubsz-huc എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക

9. വെള്ളായണി കാർഷികകോളേജ് ആർ.ടി.ടി സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും വേണ്ടി കാർഷിക യന്ത്രങ്ങളിൽ പ്രവൃത്തിപരിചയം നൽകുന്നതിന് മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ട്രാക്ടർ, ടില്ലർ, ഞാറു നടീൽ യന്ത്രം, പവ്വർ ടില്ലർ, ഗാർഡൻ ടില്ലർ, മിനി ടില്ലർ, സ്പ്രേയർ കൂടാതെ വിവിധ ചെറുടിക കാർഷിക ന്ത്രങ്ങൾ എന്നിവയിലാണ് പരിശീലനം നൽകുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ പൂർണ്ണമായ മേൽവിലാസം, ബന്ധപ്പെടേണ്ട നമ്പർ സഹിതം rttctvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു നൽകുകയോ വെള്ളായണി കാർഷികകോളേജ് ആർ.ടി.ടി സെന്ററിൽനേരിട്ട് ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470314, 9383470315** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

10. മഴക്കാലത്ത് അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം മഞ്ഞളിൽ ഇലകരിച്ചിൽ രോഗം ഇഞ്ചിയിൽ ഫില്ലോസ്റ്റിക്റ്റ, ഇലപ്പുള്ളിരോഗം എന്നിവ കാണാൻ സാധ്യതയുണ്ട്. രോഗം ബാധിച്ച ചെടികൾ പിഴുത് നശിപ്പിക്കുക. മുൻകരുതലായി രണ്ട് മില്ലി ഹെക്സാകൊണാസോൾ (കോൺടാഫ്), ഒരു മില്ലി പ്രൊപ്പികൊണാസോൾ(റ്റിൽറ്റ്), രണ്ട് ഗ്രാം സാഫ്, രണ്ട ഗ്രാം കോപ്പർഓക്സിക്ലോറൈഡ് (ബിൽടോക്സ്/ബ്ലൂ കോപ്പർ), രണ്ട് ഗ്രാം കോപ്പർ ഹൈഡ്രോക്സഡ്, ഒരു ഗ്രാം കാർബെൻഡാസിം എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ ഒരു ശതമാനം ബോർഡോ മിശ്രിതം തളിച്ചു കൊടുക്കുക. രോഗത്തിന്റെ തീവ്രതയനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്.

11. മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മില്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം